# Deepika

## 20 August 2018

## Kochi: After Flood

### തൊഴിൽമേഖല സ്തംഭിച്ചു; ഇതരസംസ്ഥാനക്കാർ മടങ്ങുന്നു

**കൊച്ചി:** മഴക്കെടുതിയിൽ തൊഴിൽമേഖല സ്തംഭിച്ചതോടെ എറണാകുളം ജില്ലയിൽനിന്ന് ഇതരസംസ്ഥാനതൊഴിലാളികൾ കൂട്ടത്തോടെ നാട്ടിലേക്ക് മടങ്ങുന്നു. വെള്ളപ്പൊക്കത്തെത്തുടർന്ന് ജില്ലയുടെ വിവിധ പ്രദേശങ്ങളിലെ വ്യാപാരസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവ അടച്ച സാഹചര്യത്തിലാണ് കൂടുതൽ തൊഴിലാളികൾ നാട്ടിലേക്ക് മടങ്ങുന്നത്. നിർമാണമേഖലയും വലുതും ചെറുതുമായ ഒട്ടുമിക്ക ഹോട്ടലുകളും നിശ്ചലമായതോടെ പണിയില്ലാത്ത അവസ്ഥയിലാണ് പലരും.

ഇതരസംസ്ഥാന തൊഴിലാളികൾക്കായി പെരുമ്പാവൂർ ഗവ. ബോയ്സ് ഹയർസെക്കൻഡറി സ്കൂളിൽ ഉൾപ്പെടെ പ്രത്യേകം ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തനം ആരംഭിച്ചിരുന്നു. എന്നാൽ പല തൊളിലാളി ക്യാമ്പുകളിലും ഭക്ഷണവും കുടിവെള്ളവും കിട്ടാത്ത അവസ്ഥയാണുള്ളതെന്ന് തൊഴിലാളികൾ പറഞ്ഞു. ഈ സാഹചര്യത്തിൽ മഴയുടേയും വെള്ളപ്പൊക്കത്തിന്റേയും ദുരിതം ഒഴിയുന്നതുവരെ സ്വന്തം വീടുകളിലേക്ക് മടങ്ങാനാണ് തൊഴിലാളികളുടെ തീരുമാനം. പ്രളയക്കെടുതികൾ നാട്ടിൽ അറിഞ്ഞതോടെ മടങ്ങിവരാൻ ബന്ധുക്കൾ നിരന്തരം വിളിക്കുകയാണെന്ന് തൊഴിലാളികൾ പറഞ്ഞു.

അതിനിടെ എറണാകുളത്തുനിന്ന് തൃശൂർ വഴി വടക്കോട്ടുള്ള ട്രെയിൻ ഗതാഗതം റെയിൽവേ റദ്ദാക്കിയത് തൊഴിലാളികൾക്ക് തിരിച്ചടിയായി. ഇതോടെ റെയിൽവേ സ്റ്റേഷനുകളിൽ കുടുങ്ങിക്കിടക്കുകയാണിവർ. കൂടാതെ നഗരത്തിലേക്കുള്ള കുടിവെള്ളവിതരണം മുടങ്ങിയതും ടോയ്‌ലറ്റിലും മറ്റും വെള്ളമെത്താത്തതും യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

തൃശൂർ വഴിയുള്ള ട്രെയിൻ സർവീസുകൾ നിലച്ചതോടെ സ്റ്റേഷനുകളിലെ ഭക്ഷണശാലകൾ ഒട്ടുമിക്കവയും അടച്ച നിലയിലാണ്. ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന മറ്റ് ജില്ലയിൽ നിന്നുള്ള വിദ്യാർഥികളും ഇതര ജോലി ചെയ്യുന്നവരും ഓണാവധി പ്രമാണിച്ച് നാട്ടിലേക്ക് മടങ്ങാൻ എത്തിയവരും സ്റ്റേഷനുകളിൽ കുടുങ്ങിയ നിലയിലാണ്.

### മഴ കുറഞ്ഞിട്ടും റോഡുകൾ വെള്ളത്തിൽതന്നെ

**കൊച്ചി:** മഴയ്ക്ക് ശമനമായെങ്കിലും ജില്ലയിലെ പ്രധാന റോഡുകളെല്ലാം വെള്ളത്തിൽ തന്നെയാണ്. പലയിടങ്ങളിലും വെള്ളക്കെട്ട് കുറഞ്ഞെങ്കിലും ഗതാഗതം പൂർണമായും പുനരാരംഭിക്കാറായിട്ടില്ല. എംസി റോഡ് ഉൾപ്പെടെ വെള്ളംപൊങ്ങിയ റോഡുകളുടെ സ്ഥിതി ശരിയായി വരുന്നതേയുള്ളു. വെള്ളപ്പൊക്കം ഏറ്റവും കൂടുതൽ അനുഭവപ്പെട്ട ആലുവ ഭാഗത്തെ റോഡുകളിൽ ഭൂരിഭാഗവും വെള്ളത്തിനടിയിൽ തന്നെയാണ്.

ആലുവ ടൗണിൽ ഇപ്പോഴും പലയിടങ്ങളിലും വെള്ളക്കെട്ടുണ്ട്. പെരുമ്പാവൂർ ആലുവ റോഡിൽ സ്വകാര്യ ബസ് സർവീസ് നടത്തുന്ന റോഡ് സഞ്ചാരയോഗ്യമാണ്. കെഎസ്ആർടിസി റോഡ് ഇപ്പോഴും അടച്ചിട്ടിരിക്കുകയാണ്. കുട്ടമശേരി ചുണങ്ങംവേലി, തോട്ടുമുഖം തടിയിട്ടപറമ്പ്, തോട്ടുമുഖം എരുമത്തല, ചാത്തപുരം ഇടയപ്പുറം സൊസൈറ്റി പാഡി, ശ്രീകൃഷ്ണ ടെമ്പിൾ, ചെമ്പകശേരി കടവ്, എടത്തല തൈക്കാട്ടുകര, എൻഎഡി എച്ച്എംടി, ആലുവ പറവൂർ, ആൽത്തറ, ആലുവ ആലങ്ങാട് തുടങ്ങി ആലുവയിൽ നിന്നുള്ള പല റോഡുകളും ഇപ്പോഴും വെള്ളത്തിൽ തന്നെയാണ്. മഴക്ക് അൽപം ശമനമായപ്പോൾ നിരവധി വാഹനങ്ങൾ ഈ വഴികളിലൂടെയെത്തി വെള്ളക്കെട്ടിൽ പെട്ടുപോകുന്ന സ്ഥിതിയുണ്ട്.

പറവൂർ ഭാഗത്തും റോഡുകൾ വെള്ളത്തിൽ തന്നെയാണ്. അത്താണി-വെടിമറ, പട്ടം-മാഞ്ഞാലി, അയിരൂർ-തുരുത്തിപ്പുറം, പഴംപള്ളി തുരുത്ത്, എച്ച്എസ് ചേന്ദമംഗലം, കരിപ്പായിക്കടവ്, അൽ ജലീൽ റോഡ്, ആരകാവ്-കരിമ്പാടം, പാലിയന്തറ-കുളിക്കടവ്, മാഞ്ഞാലി-ലൂപ്പ് എന്നീ റോഡുകൾ നിലവിൽ സഞ്ചാരയോഗ്യമല്ല. പറവൂർ ചെറായി റോഡിൽ പൂർണമായും ഗതാഗതം പുനസ്ഥാപിച്ചിട്ടുണ്ട്.

അങ്കമാലി ഭാഗത്താണ് കൂടുതൽ റോഡുകൾ വാഹന ഗതാഗതത്തിന് യോഗ്യമായിട്ടുള്ളത്. കളമശേരിയിലൂടെ കടന്നുപോകുന്ന ദേശീയപാത ഞായറാഴ്ച തുറന്നു. ഏലൂർ, കളമശേരി ഭാഗത്തുള്ള മറ്റു റോഡുകളിലും ഗതാഗത തടസമില്ലാതെ വെള്ളത്തിന്റെ അളവ് കുറഞ്ഞിട്ടുണ്ട്. മുട്ടാർ, ആറാട്ടുകടവ് പാലങ്ങളിലൂടെയും ഗതാഗതം പുനസ്ഥാപിച്ചിട്ടുണ്ട്. ഇതിന് പുറമേ വല്ലാർപാടം കണ്ടെയ്നർ റോഡിലൂടെയുള്ള ഗതാഗതവും പുനസ്ഥാപിച്ചു.